## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത .ചോദ്യം നം.1721 — 01.11.2019 ൽ മറുപടിക്ക്

### പട്ടപറമ്പ് പട്ടികജാതി കോളനിയിലേയ്ക്ക് സഞ്ചാരയോഗ്യമായ റോഡ്

| ചോദ്യം | | മറുപടി |
|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരമ്പിളിയം ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പട്ടപറമ്പ് പട്ടികജാതി കോളനി നിവാസികൾ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ; | എ & ബി ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിൽപ്പെടുന്ന പട്ടപറമ്പ് പട്ടികജാതി കോളനി നിവാസികൾ നിവേദനം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് ബഹു. കോട്ടക്കൽ എം.എൽ.എ. മുഖാന്തിരം ഇരിമ്പിളിയം പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച കത്ത് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അനുബന്ധ രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി | പട്ടപറമ്പ് പട്ടികജാതി കോളനിയിലേയ്ക്ക് പോകുന്നതിന് സഞ്ചാരയോഗ്യമായ റോഡ് ഇല്ലാത്തതിനാൽ കോളനിയ്ക്ക് സമീപത്തുകൂടി ഒഴുകുന്ന തോട് നിലനിർത്തികൊണ്ട് സ്ലാബ് നിർമ്മിക്കണമെന്ന നിവേദനത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | |

സെക്ഷൻ ഓഫീസർ